ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.08.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി, ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. ഏഴ് സുപ്രധാന കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു.
2. സാധാരണക്കാർക്ക് ഓണം സമൃദ്ധമാക്കാൻ സപ്ലൈകോ മാതൃകാപരമായ വിപണി ഇടപെടൽ നടത്തുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സപ്ലൈകോ ഓണച്ചന്തകൾക്ക് തുടക്കമായി.
3. ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ ഉൾപ്പടെയുള്ളവർക്ക് അവസരങ്ങൾ ലഭ്യമാക്കുന്ന ലോക് സംവർധൻ പർവ്വ് അഞ്ചാം പതിപ്പിന് നാളെ കൊച്ചിയിൽ തുടക്കം. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും.
4. അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ജല സ്രോതസുകൾ വൃത്തിയായി സൂക്ഷിക്കണമെന്ന് മന്ത്രി വീണാ ജോർജ്. ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യും.
5. ഓണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ. ഓണാഘോഷത്തിന് തുടക്കം കുറിക്കുന്ന തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയാത്ര നാളെ.

PNU TVPM

6. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

******************

<u>പ്രധാനമന്ത്രി-ഫിജി</u>

ഭീകരവാദം മനുഷ്യരാശിക്ക് വലിയ വെല്ലുവിളിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്കയുമായുള്ള ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം ന്യൂഡൽഹിയിൽ സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിനിധിതല കൂടിക്കാഴ്ചയിൽ ആരോഗ്യ സംരക്ഷണം, ശേഷിവികസനം ഉൾപ്പെടെയുള്ള മേഖലകളിലെ ഏഴ് സുപ്രധാന കരാറുകളിൽ ഇന്ത്യയും ഫിജിയും ഒപ്പുവച്ചു. സൈബർ സുരക്ഷയിലും ഡാറ്റാ സംരക്ഷണത്തിലും ഇന്ത്യയും ഫിജിയും ഒരുമിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി. സമാധാനം, സ്ഥിരത, വികസനം, ക്ഷേമം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഇരുരാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് ഫിജി പ്രധാനമന്ത്രി പറഞ്ഞു.

******************

<u>മുഖ്യമന്ത്രി -സപ്ലൈകോ</u>

സാധാരണക്കാർക്ക് ഓണം സമൃദ്ധമാക്കാൻ സപ്ലൈകോ മാതൃകാപരമായ വിപണി ഇടപെടൽ നടത്തുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. 32 ലക്ഷത്തോളം ഉപഭോക്തക്കളാണ് കഴിഞ്ഞ മാസത്തിൽ സപ്ളൈയ്ക്കോയെ ആശ്രയിച്ചത്. 168 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായി. ഓണത്തിനായി രണ്ടര ലക്ഷത്തോളം ക്വിന്റൽ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. സബ്സിഡി അരിയ്ക്കു പുറമേ

RNU TVPM

ഓണക്കാലത്ത് കാർഡൊന്നിന്, 20 കിലോ പച്ചരിയോ പുഴുക്കലരിയോ 25 രൂപ നിരക്കിൽ പ്രത്യേകമായി ലഭ്യമാക്കും. (ഹോൾഡ് വോയ്സ്)

******************

## സൗജന്യ ഓണക്കിറ്റ് വിതരണം

അന്ത്യോദയ അന്ന യോജന റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും സംസ്ഥാന

സർക്കാർ നൽകുന്ന സൗജന്യ ഓണക്കിറ്റിൻറെ സംസ്ഥാനതല വിതരണോദ്ഘാടനം മന്ത്രി ജി.ആർ.അനിൽ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. വി.കെ. പ്രശാന്ത് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. പഞ്ചസാര, വെളിച്ചെണ്ണ, തുവര പരിപ്പ്, ചെറുപയർ, വൻ പയർ, പായസം മിക്സ് തുടങ്ങിയ 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ ഓണക്കിറ്റാണ് വിതരണം ചെയ്യുന്നത്.

******************

## സപ്ലൈകോ ഓണംഫെയർ - ജില്ലകൾ

സപ്ലൈകോയുടെ ജില്ലാതല ഓണം ഫെയറുകൾക്ക് ഇന്നും നാളെയുമായി തുടക്കമാകും. ആലപ്പുഴ ജില്ലാതല

ഓണംഫെയർ മന്ത്രി പി പ്രസാദ് ഇന്ന് വൈകുന്നേരം പുന്നപ്ര-വയലാർ സ്മാരക ഹാളിൽ ഉദ്ഘാടനം ചെയ്യും. ആശ്രാമം മൈതാനിയിൽ നടക്കുന്ന കൊല്ലം ജില്ലാ ഓണം ഫെയർ മന്ത്രി കെ.എൻ. ബാലഗോപാൽ നാളെ ഉദ്ഘാടനം ചെയ്യും. എറണാകുളം ജില്ലാതല ഓണം ഫെയർ മന്ത്രി പി രാജീവും ഇടുക്കി ജില്ലാതല മേള മന്ത്രി റോഷി അഗസ്റ്റിനും നാളെ ഉദ്ഘാടനം ചെയ്യും.

******************

## ശബരി ബ്രാൻഡ് വെളിച്ചെണ്ണ

സപ്ലൈകോ ശബരി ബ്രാൻഡ് വെളിച്ചെണ്ണയുടെ വിലകുറച്ചു.

വെളിച്ചെണ്ണ, ലിറ്ററിന് സബ്സിഡി നിരക്കിൽ 339

രൂപക്കും സബ്സിഡി ഇതര നിരക്കിൽ 389

രൂപക്കും ഇന്നുമുതൽ സപ്ലൈകോ

RNU TVPM

വില്പനശാലകളിൽലഭിക്കും. സബ്സിഡിയിതര നിരക്കിൽ ഉള്ള വെളിച്ചെണ്ണ ഉപഭോക്താവിന് ആവശ്യാനുസരണം വാങ്ങാവുന്നതാണ്.

******************

## ലോക് സംവർധൻ പർവ്വ്

ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ , സംരംഭകർ തുടങ്ങിയവർക്ക് ദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന ലോക് സംവർധൻ പർവ്വ് അഞ്ചാം പതിപ്പിന് നാളെ കൊച്ചിയിൽ തുടക്കം. 10 ദിവസത്തെ പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. രാജ്യത്തുടനീളമുള്ള നിരവധി നെയ്ത്തുകാർ, പാചക വിദഗ്ധർ ഉൾപ്പെടെ പങ്കെടുക്കുന്ന പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ പ്രദർശിപ്പിക്കും.

RNU TVPM

******************

## ഭിന്ന ശേഷി നിയമനം (ഇൻട്രോ)

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായുള്ള സംസ്ഥാനതല സമിതിയുടെ പ്രവർത്തനത്തിന് നാളെ തുടക്കമാകും. ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം ഉറപ്പാക്കാന്നതിനാണ് സർക്കാർ സംസ്ഥാന- ജില്ലാതല സമിതികൾ രൂപികരിച്ചത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

******************

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു. മഹാരാഷ്ട്ര

ഗവർണർ സി.പി.രാധാകൃഷ്ണൻ എൻ ഡി എ സ്ഥാനാർത്ഥിയായും, സുപ്രീം കോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I.A സ്ഥാനാർത്ഥിയായും മത്സരിക്കും. അടുത്ത മാസം 9 നാണ് വോട്ടെടുപ്പും വോട്ടെണ്ണലും.

******************

## അമീബിക്

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്. രോഗം തടയാൻ ജല സ്രോതസുകൾ വൃത്തിയായി സൂക്ഷിക്കണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യും. അമീബിക് മസ്തിഷ്ക ജ്വരം മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരില്ലെങ്കിലും അണുബാധയേറ്റാൽ മരണസാധ്യത വളരെ കൂടിയ രോഗമായതിനാൽ പനിയടക്കമുള്ള ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി. വയനാട് സ്വദേശിയായ യുവാവിനും രോഗം സ്ഥിരീകരിച്ചതോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം എട്ടായി. രോഗ ഉറവിടം കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്.

RNU TVPM

******************

## നാളെ അത്തം ( ഇൻട്രോ )

തിരുവോണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ. ഓണത്തിന് പൂവിളിയുയർത്തി പൊന്നിൻ ചിങ്ങമാസത്തിലെ അത്തം നാളെ. ഓണാഘോഷത്തിന് തുടക്കം കുറിക്കുന്ന തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയാത്ര നാളെ നടക്കും. ഘോഷയാത്രയുടെ ഭാഗമായി നഗരസഭാ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എല്ലാ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചു
ഒരു റിപ്പോർട് ( വോയിസ് )

*അത്തം തുടങ്ങി പത്താം നാൾ തിരുവോണം വരെ പൂക്കളമൊരുക്കിയും ആഘോഷങ്ങൾ നടത്തിയുമാണ് ആളുകൾ ഓണത്തെ വരവേൽക്കുന്നത്. വീടുകൾ അലങ്കരിച്ചും, വിഭവസമൃദ്ധമായ സദ്യ ഒരുക്കിയുമാണ് മലയാളികൾ ഓണത്തിന് മഹാബലിയെ വരവേൽക്കുന്നത്. ഓണക്കാലത്തിന് തുടക്കമായതോടെ സംസ്ഥാനത്തെമ്പാടും പൂക്കച്ചവട വിപണിയും സജീവമായി. തിരുവോണത്തിന്റെ തലേദിവസമായ ഉത്രാട ദിനത്തിൽ വിപണിയിലെ തിരക്ക് വർധിക്കും. വഴിയോര കച്ചവട കേന്ദ്രങ്ങൾ മുതൽ സൂപ്പര് മാർക്കറ്റുകൾ വരെയുള്ള ഓണവിപണികളെല്ലാം ഇപ്പോൾ തന്നെ സജീവമായിക്കഴിഞ്ഞിട്ടുണ്ട്. ഓരോ മലയാളിയുടെയും മനസ്സിൽ ഗൃഹാതുരത്വം ഉണർത്തുന്ന ഓണത്തെ, പൊലിമയൊട്ടും നഷ്ടപ്പെടുത്താതെ വരവേൽക്കാനൊരുങ്ങി.*
*ന്യൂസ് ഡെസ്ക് ആകാശവാണി*

******************

<u>എൽ മുരുകൻ</u>

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണവകുപ്പ് സഹമന്ത്രി എൽ മുരുകൻ കേരളത്തിൽ എത്തി. എറണാകുളത്ത് സ്വകാര്യ ചടങ്ങിൽ പങ്കെടുത്തശേഷം മാധ്യമ യൂണിറ്റുകളുമായി ശ്രി എൽ മുരുകൻ ചർച്ച നടത്തി.

RNU TVPM

******************

<u>മഴ</u>

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മുതൽ ഈ മാസം 28 വരെ കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

******************

<u>മൻ കി ബാത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11

മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

******************

**ആർ ബിന്ദു**

സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ആർ. ബിന്ദു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ കേരള എജ്യുക്കേഷൻ കോൺക്ലേവ്- 2025 ന്റെ ഉദ്ഘാടനം നിർവ്വഹിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. സാമൂഹിക നീതിയും, ലിംഗസമത്വവും, സാർവത്രിക സാക്ഷരതയും ഉറപ്പാക്കിയ കേരളം വിജ്ഞാന സമൂഹം എന്ന രീതിയിൽ അറിയപ്പെടുന്നതായും ശ്രീമതി ബിന്ദു പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് തുടങ്ങിയ സാങ്കേതികവിദ്യകൾ തൊഴിൽ മേഖലകളെ മാറ്റിക്കൊണ്ടിരിക്കുകയാണെന്നും ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ രീതിയിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകണമെന്നും മന്ത്രി വ്യക്തമാക്കി.

******************

***********

******

RNU/TVPM